പൊതു വിദ്യാഭ്യാസ
ഡയറക്റ്ററുടെകാര്യാലയം,
ഹയർസെക്കൻററി വിഭാഗം, ഹൗസിങ് ബോർഡ്
ബിൽഡിംഗ്, തിരുവനന്തപുരം-1

നംബർ. **ICT Cell/1771/2/DGE-HSS/2020** **23/10/2020**

# <u>പത്രക്കുറിപ്പ്</u>

**വിഷയം: പ്ലസ്‌വൺ ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനായുള്ള വേക്കൻസി പ്രസിദ്ധീകരണം, അപേക്ഷ സമർപ്പണം സംബന്ധിച്ച്**

സപ്ലിമെൻററി അലോട്ട്മെൻറിനുശേഷമുള്ള വേക്കൻസി ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി ഇതിനോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഇതുവരെ ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വാട്ടയിലോ , സ്പോർട്സ് ക്വാട്ടയിലോ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മാത്രമേ അവർ ഒന്നാം ഓപ്ഷനിലാണ് പ്രവേശനം നേടിയതെങ്കിൽ പോലും ട്രാൻസ്ഫറിന് അപേക്ഷിക്കാൻ അർഹതയുള്ളു. വിഭിന്നശേഷി വിഭാഗത്തിലുള്ള അപേക്ഷകർക്ക് അധിക സീറ്റ് സൃഷ്ടിച്ച് അലോട്ട്മെൻറ് അനുവദിച്ചിട്ടുള്ളതിനാൽ അത്തരം വിദ്യാർത്ഥികൾക്ക് സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിന് അപേക്ഷിക്കാൻ സാധിക്കുകയില്ല. ജില്ലയ്ക്കകത്തോ / മറ്റ് ജില്ലയിലേയ്ക്കോ സ്കൂൾ മാറ്റത്തിനോ , കോമ്പിനേഷൻ മാറ്റത്തോടെയുള്ള സ്കൂൾ മാറ്റത്തിനോ , അതേ സ്കൂളിലെ മറ്റൊരു കോമ്പിനേഷനിലേയ്ക്കോ മാറുന്നതിന് കാൻഡിഡേറ്റ് ലോഗിനിലെ "Apply for School/Combination Transfer" എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജില്ല/ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള ഓപ്പൺ വേക്കൻസി വിവരങ്ങൾ **2020 ഒക്ടോബർ 27 ന് രാവിലെ 9 മണിയ്ക്ക്** പ്രസിദ്ധീകരിക്കുന്നതാണ്. സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ കാൻഡിഡേറ്റ് ലോഗിനിലൂടെ **2020 ഒക്ടോബർ 27 ന് രാവിലെ 10 മണിമുതൽ 2020 ഒക്ടോബർ 30 ന് വൈകിട്ട് 5 മണിവരെ** ഓൺലൈനായി സമർപ്പിക്കാവുന്നതാണെന്നും മറ്റ് വിശദാംശങ്ങൾ അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in -ൽ ലഭ്യമാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഇൻ-ചാർജ്)**